പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2797 — 27.01.2014 ലെ മറുപടിക്ക്

## പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം പട്ടികജാതി കുടുംബങ്ങൾ എത്ര; അംഗങ്ങൾ എത്ര; ഇതിൽ ഭവന രഹിതർ എത്ര; | (എ) | ആകെ കുടുംബങ്ങൾ - 709143<br>അംഗങ്ങൾ - 3123941<br>ഭവന രഹിതർ - 41080<br>2001 ലെ സെൻസസ് പ്രകാരം |
| (ബി) | നിലവിലുള്ള സ്കീം പ്രകാരം വീട് വെയ്ക്കുന്നതിനും ഭൂമി നല്കുന്നതിനും നല്കി വരുന്ന സഹായം എത്ര; തുക വർദ്ധിപ്പിച്ചതിന് ശേഷം നാളിതുവരെ എത്ര പേർക്ക് വീട് വെയ്ക്കാനും എത്ര പേർക്ക് ഭൂമി വാങ്ങാനും പണം അനുവദിക്കുകയുണ്ടായി; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നിലവിൽ ഗ്രാമ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1,50,000/- രൂപയും മുൻസിപ്പൽ പ്രദേശത്തും, കോർപ്പറേഷൻ പ്രദേശത്തും 1 1/2 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 2,00,000/ രൂപയും, 3,00,000/ രൂപയും നല്കി വരുന്നു. 2011-12-ൽ 4452 ഗുണഭോക്താക്കൾക്കും 2012-13-ൽ 11047 ഗുണഭോക്താക്കൾക്കും ഭൂമി വാങ്ങുന്നതിന് ധന സഹായം നല്കി. 2013-14 വർഷം 6000 ഗുണ ഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>നിലവിലുള്ള പദ്ധതി പ്രകാരം 2,00,000/ രൂപ ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ചു വരുന്നു. 2007-2008 മുതൽ അനുവദിച്ചതും, എന്നാൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തതും, ഭവന നിർമ്മാണം പൂർത്തീയാക്കാത്തവരുമായ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി അനുവദിച്ചു വരുന്നു. 15-09-2011- ലാണ് ഭവന നിർമ്മാണ ധനസഹായ തുക 1,00,000/ രൂപയിൽ നിന്ന് 2,00,000/ രൂപയായി വർദ്ധിപ്പിച്ചത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭവന നിർമ്മാണം ധനസഹായം അനുവദിച്ച വിവരം ചുവടെ ചേർക്കുന്നു |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>പുതിയ ഭവനങ്ങൾ അനുവദിച്ചത്</th><th>സ്പിൽ ഓവർ ഭവനങ്ങൾ പൂർത്തിയാക്കിയത്</th></tr>
<tr><td>2011 – 12</td><td>3500</td><td>5320</td></tr>
<tr><td>2012 – 13</td><td>5000</td><td>2615</td></tr>
<tr><td>2013 – 14</td><td>6000</td><td>464</td></tr>
</table>
2013–14– ൽ 6000 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>സഹായ തുക വർദ്ധിപ്പിച്ചിതനുസരിച്ച് ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; 2013-14 ൽ എത്ര പേർക്ക് വീട് വെയ്ക്കാനും ഭൂമി വാങ്ങാനും സഹായം നല്കാനുമുള്ള പണം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ട്; അത് ഓരോന്നും എത്ര പേർക്ക് നൽകുകയുണ്ടായി; ഇതിനായി അപേക്ഷിച്ചവർ എത്ര വീതമായിരുന്നു?</td>
<td>സി)</td>
<td>ധനസഹായം വർദ്ധിപ്പിച്ചതനുസരിച്ച് ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. 2013–14 വർഷം 4000 വീടുകൾ നിർമ്മിക്കുന്നതിനായി 8000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ സ്പിൽ ഓവർ വീടുകൾക്കായി 1500 ലക്ഷം രൂപയും ഉൾപ്പെടെ 9500 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2013 ഡിസംബർ മാസത്തിലാണ് ഭൗതിക ലകഷ്യം 6000 എണ്ണമായി വർദ്ധിപ്പിച്ചത്. സാമ്പത്തിക വർഷാവസാനമായതിനാൽ പൂർത്തിയാകാൻ സാധ്യതയുള്ള വീടുകളുടെ എണ്ണത്തിൽ കുറവ് വരുമെന്നുള്ളതുകൊണ്ടി തുക നടപ്പു വർഷം പര്യാപ്തമാണ്.<br>മുൻ വർഷങ്ങളിൽ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നത്. നടപ്പു വർഷം 4000 ഗുണഭോക്താക്കളെ മുൻ വർഷങ്ങളിൽ വകുപ്പിൽ നിന്നും ഭൂമി നല്കിയവരിൽ നിന്നും കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നടപ്പു വർഷം ആറായിരത്തിലേറെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ